## കേരള വാട്ടർ അതോറിറ്റി
### മാനേജിങ്ങ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ്ജ് സംബന്ധിച്ച 11/2/2009 ലെ ഉത്തരവ് നവീകരിച്ചത് സംബന്ധിച്ച്

സൂചന: 1. സർക്കാർ ഉത്തരവ് (എം. എസ്) നം. 44/08/ജ. വി. വ തിയതി 25/09/2008 പ്രകാരമുള്ള ഉത്തരവ്.

2. കെ. ഡബ്ല്യൂ. എ/ എച്ച്. ഓ/ആർ. എം. സി/1080/08 തിയ്യതി 07/10/08

---

നം. കെ. ഡബ്ല്യൂ. എ/ എച്ച്. ഓ/ആർ. എം. സി/ആർ 2/2009 തിയതി :17/12/09

---

<u>ഉത്തരവ്</u>

കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉൾപ്പെടുന്ന കുടുംബങ്ങളുടെ 31/08/08 വരെയുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക എഴുതിത്തള്ളുവാനും 1/09/08 മുതൽ പ്രതിമാസം 10000 ലിറ്റർ വരെ കുടിവെള്ളം ഉപഭോഗം ചെയുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കേണ്ടതില്ലയെന്നും 1 -ാം പരാമർശത്തിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തന്നെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന വാട്ടർ കണക്ഷനുകളുടെ കണക്ഷൻ ഫീസിൽ 50% ഇളവ് നൽകുവാനും ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഈ ഓഫീസിൽനിന്നും 11/02/2009-ൽ പുറപ്പെടുവിച്ച ഉത്തരവിൻെറ മൂന്നാം ഖണ്ഡികയിൽ ബി.പി..എൽ. റേഷൻ കാർഡിൽ ഗൃഹനാഥൻ അല്ലെങ്കിൽ ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിയ്ക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്കു മാത്രമേ ആനുകൂല്യങ്ങൾ അനുവദിയ്ക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഈ വ്യവസ്ഥ, ഗൃഹനാഥൻ/ ഗൃഹനാഥ എന്നിവരുടെ പേരിൽ അല്ലാതെ നിലനിൽക്കുന്നതും എന്നാൽ ബി.പി.എൽ. കാർഡുപ്രകാരം ആനുകൂല്യത്തിന് അർഹത ഉള്ളവർക്കും സർക്കാർ ഉത്തരവിൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സം സൃഷ്ടിയ്ക്കുന്നു എന്ന് ഒട്ടേറെ പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ, ഈ വ്യവസ്ഥ പുന:പരിശോധിയ്ക്കുകയും അതിൻെറ അടിസ്ഥാനത്തിൽ ബി.പി.എൽ കാർഡ് ഉടമയുടെ (ഗൃഹനാഥൻ/ ഗൃഹനാഥ) ഭാര്യയുടേയോ ഭർത്താവിൻേറയോ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിയ്ക്കുന്നതോ ആയ കണക്ഷനുകൾക്കും ബി.പി.,എൽ ആനുകൂല്യങ്ങൾ നൽകേണ്ടതാണെന്ന് തീരുമാനിയ്ക്കുകയും ചെയ്തു. ആയതിനാൽ, 2-ാം ഖണ്ഡിക താഴെ പറയും പ്രകാരം പരിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉത്തരവാകുന്നു.

ഖണ്ഡിക 2.-

ബി.പി.എൽ. റേഷൻ കാർഡിൽ ഗൃഹനാഥൻ/ ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിയ്ക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്കും അല്ലെങ്കിൽ ബി.പി.എൽ കാർഡിൽ ഗൃഹനാഥൻ/ ഗൃഹനാഥ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും അവരിൽ ആരെങ്കിലും ഒരാളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിയ്ക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്കും ബി.പി.എൽ. ആനുകൂല്യങ്ങൾ അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ബി.പി.എൽ. കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് കുടുംബാംഗങ്ങളുടെ പേരിൽ നിലനിൽക്കുന്നതോ അപേക്ഷിയ്ക്കുന്നതോ ആയ വാട്ടർ കണക്ഷനുകൾക്ക് ഈ വ്യവസ്ഥ ബാധകമായിരിയ്ക്കില്ല. അതിനാൽ ഈ വ്യവസ്ഥ വളരെ സൂക്ഷ്മമായി പ്രായോഗികമാക്കേണ്ടതാണ്.

കൂടാതെ, ഈ ഓഫീസിൽനിന്നും നൽകിയിട്ടുള്ള ബി.പി.എൽ. സംബന്ധിച്ച പല നിർദ്ദേശങ്ങളും തെറ്റായി വ്യാഖ്യാനിയ്ക്കപ്പെട്ടതു കാരണം യഥാസമയം ബി.പി.എൽ. ആനുകൂല്യങ്ങൾ നൽകിയിട്ടില്ലാ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. ആനുകൂല്യങ്ങൾ, സർക്കാർ ഉത്തരവു പ്രകാരം, ഈ ഓഫീസിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് വിധേയമായി സബ്ഡിവിഷൻ ഓഫീസർമാർ തന്നെ അനുവദിയേക്കണ്ടതാണ്. അപ്രകാരം ആനുകൂല്യം അനുവദിച്ചതിനുശേഷം ക്രോഡീകരിച്ച റിപ്പോർട്ട് അതോറിറ്റിയിലേയ്ക്ക് നൽകേണ്ടതാണ്.

ബി.പി.എൽ. ആനുകൂല്യങ്ങൾക്കായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഈ നിർദ്ദേശം ലഭിച്ച് 10 ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതും ആയത് അപേക്ഷകരെ രേഖാമൂലം അറിയിയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നത് അതോറിറ്റി ഗൗരവമായി കണക്കാക്കുന്നതും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതുമാണ്.

മാനേജിങ്ങ് ഡയറക്ടർ

സ്വീകർത്താവ്

മേഖലാ ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

പകർപ്പ്:

PA to MD/ PA to TM/ PA to AM/ CA to CE(HRD&GL)/ FM&CAO/ Sr.AO/ Secretary/ IA/ File.